# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. ടി.2048 - 16/08/2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ കുടിശ്ശിക സഹായ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. ഉമ്മർ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ കുടിശ്ശിക സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.<br>ഈ പദ്ധതിയനുസരിച്ച്, വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.<br>(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ / സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA / Standard Account). (ii) 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്.<br><br>ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | • 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br>• കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.<br>• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ളോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60% വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000/- രൂപ വരെ) വും സർക്കാർ സഹായം നൽകുന്നതാണ്.<br>• വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80% -മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ |

| | | |
|---|---|---|
| | | മുതൽ തുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.<br>• മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.<br>• മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.<br>• ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള അനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>• ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.<br>വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% -മോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും. |
| (ബി) | പ്രസ്തുത അപേക്ഷ നൽകേണ്ടതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദാംശം പൊതുസമൂഹത്തിന് നൽകുന്നതിന് സർക്കാർ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്; | സ.ഉ.(പി) 65/2017 തീയതി 16.05.2017, സ.ഉ.(പി) 89/2017 തീയതി 12.07.2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ |

| | | |
|---|---|---|
| | വിശദമാക്കാമോ; | 02.08.2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിന് elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയെക്കുറിച്ച് അച്ചടി, ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ വേണ്ടത്ര പ്രചാരണം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദാംശങ്ങൾ എല്ലാ ബാങ്ക് ശാഖകളിൽ പ്രദർശിപ്പിച്ചുകൊണ്ടും ബാങ്കുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു കൊണ്ടും ഈ പദ്ധതിയെക്കുറിച്ച് പ്രചാരണം നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ നാളിതുവരെ എത്ര അപേക്ഷകളാണ് സ്വീകരിച്ചത്; അതിൽ എത്രയെണ്ണത്തിന് തീർപ്പ് നൽകിയിട്ടുണ്ട്; ആയതിനുവേണ്ടി സർക്കാർ എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.10.2017 ആണ്. അതിനുശേഷം മാത്രമേ അപേക്ഷകളുടെ കണക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇതിലേയ്ക്കായി അനുവദിക്കപ്പെടേണ്ട സർക്കാർ വിഹിതം കണക്കാക്കിയ ശേഷം ആവശ്യാനുസരണം തുക അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**